(2) NOTICE OF AMENDMENT TO G. O. (P) No. 19/2003/GAD DATED 9TH JANUARY 2003 (S. R. O. No. 22/2003) CONTAINING THE AMENDMENTS TO THE KERALA PUBLIC SERVICE COMMISSION (COMPOSITION AND CONDITIONS OF SERVICE OF MEMBERS AND STAFF) AMENDMENT REGULATIONS, 2003.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

I. (i) in clause (1) of regulation 1, the number and brackets "(1)", appearing after the side heading shall be deleted;

(ii) clause (2) of regulation 1 shall be deleted;

(iii) in regulation 6 proposed to be substituted by clause (2) of regulation 2 in the opening sentence, for the words "The Chairman and the members of the Commission shall be entitled to travelling allowances for journeys made by them", the following words shall be substituted, namely; "The Chairman or any member of the Commission shall be entitled to travelling allowance for journeys made by him";

(iv) for clause (a), the following shall be substituted namely; "(a) The Chairman and members shall be entitled to travelling allowance at the rate of two rupees and fifty paise per kilometre if special conveyance is used for performing journeys by road";

(v) in clause (b) for the words, "in respect of the member", the words "in respect of the members" shall be substituted; and

(vi) in clause (b), the last sentence shall be deleted.

II. The word "six" in the new sub clause (5) proposed to be added by sub regulation (6) of regulation 2 shall be substituted with the word "ten".

വളരെ ചുരുക്കി മാത്രം ഉദ്ദേശം പറയുകയാണ്. 1-ാം ഖണ്ഡത്തിലെ 2-ാം ഉപഖണ്ഡം സർക്കാർ 1995 മുതൽ വിവിധ ഘട്ടങ്ങളിലായി ഇറക്കിയ ഉത്തരവുകൾക്ക് അതാതു തീയതികൾ വച്ചുകൊണ്ട് മുൻകാല പ്രാബല്യം ലഭിക്കുന്നതിനുവേണ്ടിയാണ്. 1995 മുതൽ 2003 വരെയുള്ള 8 വർഷങ്ങളിൽ സർക്കാർ ഈ റഗുലേഷൻ കൊണ്ടുവന്നിട്ടില്ല. അതു കൊണ്ടുതന്നെ എട്ടു വർഷങ്ങൾക്കുമുമ്പുള്ള കാര്യങ്ങൾക്ക് നിയമസാധുത്വം കിട്ടുവാൻ വേണ്ടി ചട്ടങ്ങൾ ഇറക്കുന്ന കാര്യത്തോട് യോജിക്കുവാൻ നിർവ്വാഹമില്ല. അതുകൊണ്ട് ഇത് നീക്കം ചെയ്യാവുന്നതാണ്. അതനുസരിച്ച് ഒന്നാം ഖണ്ഡത്തിന് രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉപഖണ്ഡങ്ങൾ ആവശ്യമില്ല. ഭേദഗതി 1-ൽ 3-ാം ഉപഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത് വാചകത്തിന്റെ ഘടനയിൽ വന്ന മാറ്റമാണ്. ഭേദഗതിയിൽ ഇവിടെ നിർദ്ദേശിക്കുന്ന വാചക ഘടനയായിരിക്കും കൂടുതൽ ഉചിതം. ഈ ഉപഭേദഗതി 4 കൊണ്ട് ഉദ്ദേശിക്കുന്നത് ഘടനയിൽ വരുത്തുന്ന മാറ്റവും കിലോമീറ്ററിന് രണ്ടര രൂപ യാത്രാബത്തയായി നൽകുമ്പോൾ യാത്ര ചെയ്ത അംഗമോ, ചെയർമാനോ സ്പെഷ്യൽ കൺവേയൻസ് ഉപയോഗിച്ചിരിക്കണം എന്ന നിബന്ധന കൂടി ചേർക്കുവാൻ വേണ്ടിയാണ്. ഉപഭേദഗതി (5) തിരുത്തലാണ്. ഉപഭേദഗതികൾ ഒരു സ്പെഷ്യൽ കേസായി എടുത്തുകൊണ്ട് ചെയർമാന്റേയും അംഗങ്ങളുടേയും യാത്രാബത്ത ട്രഷറിയിൽ നിന്ന് ഒഴിവാക്കണമെന്നതാണ്. ഒരു ചട്ടത്തിലും as a special case എന്നപ്രയോഗം കാണുകയില്ല. നിയമത്തിൽ അങ്ങനെയുള്ള പ്രയോഗങ്ങൾ അനുചിതമാണ്. സാധാരണ സർക്കാർ ഉത്തരവുകളിൽ പറയുന്നതുപോലെ as a special case ഒരിക്കലും നിയമത്തിൽ പറ്റില്ല. അതുകൊണ്ട് ആ ഭാഗം നീക്കം ചെയ്യേണ്ടതാണ്. ചെയർമാനും അംഗങ്ങൾക്കും വേണമെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ ഇറക്കുന്ന ട്രഷറി നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കുന്ന ഉത്തരവുകളുടെ വെളിച്ചത്തിൽ യാത്രാബത്ത വാങ്ങാവുന്നതാണ്. പി. എസ്. സി. നിയമസഭയേക്കാൾ വലിയ ഒരു ഭരണഘടനാ ബോഡിയാണെന്ന് പറയുന്നവരാണ്, അവരുടെ നിബന്ധനകളാണ് എട്ടു വർഷങ്ങൾക്കുമുമ്പ് റിട്രോസ്പെക്ടീവ് ഇഫക്ടോടുകൂടി യാത്രാബത്തയിലുള്ള വർദ്ധനവ് അനുവദിക്കണമെന്നുള്ള റഗുലേഷൻ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. സഭ ഇത് കാര്യമായി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി നല്ല ഹോംവർക്ക് ചെയ്തിട്ടുണ്ട്. ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി അവതരിപ്പിച്ച ഭേദഗതിയിലെ I (iii) ഉം (iv) ഉം ഉപഖണ്ഡങ്ങൾ സ്വീകരിക്കുന്നു. മറ്റുള്ളവ നയപരമായ ഭേദഗതികൾ ആയതിനാൽ കൂടുതൽ പരിശോധന ആവശ്യമാണ്. അതുകൊണ്ട് ആ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഇവിടെ ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി അവതരിപ്പിച്ച ഭേദഗതിയിലെ I (iii) ഉം (iv) ഉം ഉപഖണ്ഡങ്ങളെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ഭേദഗതിയിലെ I (iii) ഉം (iv) ഉം ഉപഖണ്ഡങ്ങൾ സഭ അംഗീകരിച്ചിരിക്കുന്നു. ബാക്കിയുള്ള ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

I-ാം ഭേദഗതിയുടെ ബാക്കി ഉപഖണ്ഡങ്ങളും II-ാം ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വളരെ സന്തോഷമുള്ള ഒരു കാര്യമാണ് പറയുന്നത് കായിക മികവിന് രാജ്യത്തെ ഏറ്റവും പരമോന്നത ബഹുമതിയായ രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് മലയാളിയും നമ്മുടെ അഭിമാനവുമായ ബീനാ മോൾക്ക് ശുപാർശ ചെയ്തിരിക്കുകയാണ്. അതുപോലെതന്നെ ഐ. എം. വിജയനും അഞ്ജു ബോബിക്കും അർജ്ജുന അവാർഡിന് ശുപാർശ ചെയ്തിരിക്കുകയാണ്. ഇവരെ നമ്മുടെ സഭ അനുമോദിക്കണം.

മി. സ്പീക്കർ: ഒരു റെക്കമെന്റേഷനല്ലേ, ഒരു റെക്കമെന്റേഷൻ തള്ളാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. റെക്കമെന്റേഷൻ തള്ളാം. അംഗീകരിയ്ക്കാതെ സഭയ്ക്ക് അഭിനന്ദിക്കാൻ കഴിയില്ല. തീർച്ചയായും അവർ അഭിനന്ദനം അർഹിക്കുന്നുണ്ട്.

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട അങ്ങ് പൂർത്തീകരിക്കുന്നതിന് മുമ്പ് അവസാനമായി പ്രഖ്യാപിക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. അത് പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷ. ഇന്നലെത്തന്നെ ഞാൻ പാട്യാലയിലുള്ള ബീനാമോളെ ടെലഫോണിൽ വിളിച്ച് എന്റേയും ഗവൺമെന്റിന്റേയും പ്രതിപക്ഷത്തിന്റേയും കേരളത്തിലെ ജനങ്ങളു ടേയും അഭിനന്ദനം അറിയിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് കയറാൻ അവസരം ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തിട്ടുണ്ട്.

VI. നിയമനിർമ്മാണ കാര്യം

(1) 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

VII. ക്രമപ്രശ്നം

ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം അപൂർണ്ണമാണെന്നതുസംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ബില്ലിനെ സംബന്ധിച്ച ചില പ്രശ്നങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഒരു ബില്ലിലൂടെ നിയമസഭയുടെ മുമ്പാകെ അറിയിക്കേണ്ട ഒരു കാര്യമാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ യഥാർത്ഥത്തിൽ വരുന്ന സാമ്പത്തിക ബാദ്ധ്യത. ഇതിനകത്ത് റെക്കറിംഗ്, നോൺ റെക്കറിംഗ് ചെലവിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. 25 ലക്ഷം, 20 ലക്ഷം, എന്നാൽ ബില്ലിലെ 54-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ (സി) ഉപ വകുപ്പ് അനുസരിച്ച് കർഷകരുടെ സംഘടനകൾക്ക് സർക്കാർ കാലാകാലങ്ങളിൽ ഗ്രാന്റ് കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ ഗ്രാന്റ് വാട്ടർ ചാർജ്ജ് പ്രകാരം പിരിക്കുന്ന തുകയിൽ നിന്ന് നല്കുന്ന ഗ്രാന്റിന് പുറമെ കൊടുക്കും എന്നാണ് പറയുന്നത്. അതുകൊണ്ട് (സി), (ഇ) അനുസരിച്ച് നൽകുന്ന ഗ്രാന്റ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് നൽകേണ്ടിവരും. അതുസംബന്ധിച്ച് യാതൊന്നും തന്നെ ധനകാര്യ മെമ്മോറാ ണ്ടത്തിൽ പരാമർശിച്ചിട്ടില്ല എന്നതാണ് ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ചുള്ള എന്റെ പ്രശ്നം. മറ്റൊരു പ്രധാനപ്പെട്ട കാര്യം പഞ്ചായത്ത് രാജ് നിയമപ്രകാരവും